കേന്ദ്രഗവൺമെൻറ്

നിയമ മന്ത്രാലയം

# ഹിന്ദു മൈനാറിററിയും രക്ഷാകർത്തൃത്വവും ആക്ററ്, 1956

(1956-ലെ 32-ാം ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# ഹിന്ദു മൈനാറിററിയും രക്ഷാ കർത്തൃത്വവും ആക്ററ്, 1956

(1956-ലെ 32-ാം ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഹിന്ദു മൈനാറിററിയും രക്ഷാകർത്തൃത്വവും ആക്ററ് 1956

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും.
2. ഈ ആക്ററ് 1890-ലെ 8-ാം ആക്ററിന് അനുപൂരകമാണെന്ന്.
3. ആക്ററിന്റെ ബാധകത.
4. നിർവ്വചനങ്ങൾ.
5. ആക്ററിന്റെ അധിപ്രഭാവം.
6. ഹിന്ദു മൈനറുടെ നൈസർഗ്ഗിക രക്ഷാകർത്താക്കൾ.
7. ദത്തുപുത്രന്റെ നൈസർഗ്ഗിക രക്ഷാകർത്തൃത്വം.
8. നൈസർഗ്ഗിക രക്ഷാകർത്താവിന്റെ അധികാരങ്ങൾ.
9. മരണപത്രപ്രകാരമുള്ള രക്ഷാകർത്താക്കളും അവരുടെഅധികാരങ്ങളും.
10. വസ്തുവിന്റെ രക്ഷാകർത്താവായിരിക്കുവാൻ മൈനറുടെ അസമർത്ഥത.
11. വസ്തുതകൊണ്ടുള്ള രക്ഷാകർത്താവ് മൈനറുടെ വസ്തു കൈകാര്യം ചെയ്യാവുന്നതല്ലെന്ന്.
12. കൂട്ടുകുടുംബവസ്തുവിലുള്ള മൈനറുടെ അവിഭക്താവകാശത്തിന് രക്ഷാകർത്താവിനെ നിയമിക്കാവുന്നതല്ലെന്ന്.
13. മൈനറുടെ ക്ഷേമമായിരിക്കണം പരമമായ പരിഗണന.


---

# ഹിന്ദു മൈനാറിററിയും രക്ഷാകർത്തൃത്വവും ആക്ററ് 1956

(1956-ലെ 32-ാം ആക്ററ്)

ഹിന്ദുക്കളുടെ ഇടയിലുള്ള മൈനാറിററിയും രക്ഷാകർത്തൃത്വവും സംബന്ധിച്ച നിയമത്തിലെ ചില ഭാഗങ്ങൾ ഭേദഗതിചെയ്യുവാനും ക്രോഡീകരിക്കുവാനും ഉള്ള ആക്ററ്

[1956 ആഗസ്ററ് 25]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഏഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്ററിന്, ഹിന്ദു മൈനാറിററിയും രക്ഷാകർത്തൃത്വവും ആക്ററ്, 1956 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളെ അധിവസിക്കുന്നവനും ആ രാജ്യക്ഷേത്രങ്ങൾക്കു വെളിയിലുള്ളവരും ആയ ഹിന്ദുക്കൾക്കും ബാധകമായിരിക്കുന്നതുമാകുന്നു.

2. ഈ ആക്ററ് 1890-ലെ 8-ാം ആക്ററിന് അനുപൂരകമാണെന്ന്.— ഈ ആക്ററിലെ വ്യവസ്ഥകൾ രക്ഷാകർത്താക്കളും വാർഡുകളും, ആക്ററ് 1890 (1890-ലെ 8)-ന്, പുറമെയുള്ളതും ഇതിൽ ഇതിനുശേഷം പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ ആ ആക്ററിന് ന്യൂനത വരുത്താത്തതും ആകുന്നു.

3. ആക്ററിന്റെ ബാധകത.— (1) ഈ ആക്ററ്—

(ക) വീരശൈവനോ, ലിംഗായത്തോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിന്റെയോ, പ്രാർത്ഥനാസമാജത്തിന്റെയോ, ആര്യസമാജത്തിന്റെയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിന്റെ രൂപങ്ങളിലോ, വികാസങ്ങളിലോ, ഏതിലെങ്കിലും ഉള്ള, മതം കൊണ്ട് ഹിന്ദുവായ, ഏതൊരാൾക്കും;

(ഖ) മതംകൊണ്ട് ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ ആയ ഏതൊരാൾക്കും;

(ഗ) ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ അധിവാസമുള്ളവനും, മതംകൊണ്ട് മുസ്ലീമോ, കൃസ്ത്യനോ, പാഴ്സിയോ, ജൂതനോ, അല്ലാത്തവനുമായ മറേറതൊരാൾക്കും, അങ്ങനെയുള്ള ആൾ ഈ ആക്ററ് പാസാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച ഹിന്ദു നിയമത്താലോ ആ നിയമത്തിന്റെ ഭാഗമായ വല്ല ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്തപക്ഷവും;

ബാധകമാകുന്നു.

വിശദീകരണം.— താഴെപ്പറയുന്ന ആളുകൾ മതംകൊണ്ട്, അതതു സംഗതിപോലെ, ഹിന്ദുക്കളോ ബുദ്ധമതക്കാരോ, ജൈനരോ സിക്കുകാരോ ആകുന്നു:—

(i) മാതാപിതാക്കൻമാർ ഇരുവരും മതം കൊണ്ട് ഹിന്ദുക്കളോ, ബുദ്ധമതക്കാരോ ജൈനരോ, സിക്കുകാരോ ആയ നിയമാനുസൃതവേഴ്ചയിലുണ്ടായതോ നിയമവിരുദ്ധവേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

(ii) മാതാപിതാക്കൻമാരിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയിരിക്കുകയും, അങ്ങനെയുള്ള മാതാവോ പിതാവോ ഏത് ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ പെട്ടതാണോ, അല്ലെങ്കിൽ പെട്ടതായിരുന്നോ, അതിലെ ഒരംഗമായി വളർത്തപ്പെടുകയും ചെയ്ത നിയമാനുസൃതവേഴ്ചയിലുണ്ടായതോ നിയമവിരുദ്ധവേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

(iii) ഹിന്ദുമതത്തിലേയ്ക്കോ, ബുദ്ധമതത്തിലേയ്ക്കോ, ജൈനമതത്തിലേയ്ക്കോ, സിക്കുമതത്തിലേയ്ക്കോ, പരിവർത്തനം ചെയ്യുകയോ പുന:പരിവർത്തനം ചെയ്യുകയോ ചെയ്ത ഏതെങ്കിലും ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി മററുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൻെറ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടിക ഗോത്രവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്ററിൻെറ ഏതെങ്കിലും ഭാഗത്തുള്ള 'ഹിന്ദു' എന്ന പദത്തിനു, അതിൽ ഏതൊരാൾക്കാണോ, അയാൾ മതം കൊണ്ട് ഹിന്ദു അല്ലെങ്കിലും ഈ വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ ഈ ആക്ററ് ബാധകമാകുന്നത്, അയാൾ ഉൾപ്പെടുന്നു എന്നപോലെ അർത്ഥം കൽപിക്കേണ്ടതാകുന്നു.

4. <u>നിർവ്വചനങ്ങൾ</u>.— ഈ ആക്ററിൽ,—

(ക) 'മൈനർ' എന്നാൽ പതിനെട്ടുവയസ് പൂർത്തിയായിട്ടില്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

(ഖ) 'രക്ഷാകർത്താവ്' എന്നാൽ ഒരു മൈനറുടെ ശരീരത്തിൻെറയോ അല്ലെങ്കിൽ വസ്തുവിൻേറയോ അല്ലെങ്കിൽ അവ രണ്ടിൻേറയുമോ മേൽനോട്ടമുള്ള ആൾ എന്നർത്ഥമാകുന്നതും, അതിൽ.

(i) ഒരു നൈസർഗ്ഗിക രക്ഷാകർത്താവും,

(ii) മൈനറുടെ പിതാവിൻേറയോ, മാതാവിൻേറയോ, മരണശാസനത്താൽ നിയമിക്കപ്പെട്ട ഒരു രക്ഷാകർത്താവും.

(iii) കോടതി നിയമിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്ത ഒരു രക്ഷാകർത്താവും,

(iv) ഏതെങ്കിലും കോർട്ട് ആഫ് വാർഡ്സ് സംബന്ധിച്ചുള്ള ഏതെങ്കിലും അധിനിയമത്താലോ അധിനിയമത്തിൻ കീഴിലോ അപ്രകാരം പ്രവർത്തിക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ആളും, ഉൾപ്പെടുന്നതും ആകുന്നു;

(ഗ) "നൈസർഗ്ഗിക രക്ഷാകർത്താവ്" എന്നാൽ 6-ാം വകുപ്പിൽ പറഞ്ഞ രക്ഷാകർത്താക്കൻമാരിൽ ആരെങ്കിലും എന്നർത്ഥമാകുന്നു.

5. ആക്റ്റിന്റെ അധിപ്രഭാവം.— ഈ ആക്റ്റിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ഹിന്ദുനിയമത്തിന്റെ ഏതെങ്കിലും ശാസ്ത്രവാക്യത്തിന്നോ, ചട്ടത്തിന്നോ, വ്യാഖ്യാനത്തിന്നോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ ഈ ആക്റ്റിൽ വ്യവസ്ഥയുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ചിടത്തോളം പ്രഭാവമില്ലാതാകുന്നതാണ്;

(ഖ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന മററേതെങ്കിലും നിയമത്തിന്, അത് ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമാകുന്നിടത്തോളം; പ്രഭാവമില്ലാതാകുന്നതാണ്.

6. ഹിന്ദു മൈനറുടെ നൈസർഗ്ഗിക രക്ഷാകർത്താക്കൾ.— ഹിന്ദു മൈനറുടെ, ശരീരത്തേയും സ്വത്തുക്കളേയും (കൂട്ടുകുടുംബസ്വത്തിൽ അവനോ, അവൾക്കോ ഉള്ള അവിഭക്താവകാശം ഒഴികെ) സംബന്ധിച്ച് നൈസർഗ്ഗിക രക്ഷാകർത്താക്കൾ താഴെ പറയുന്നവരാകുന്നു:—

(ക) ആൺകുട്ടിയുടേയോ, അവിവാഹിതയായ പെൺകുട്ടിയുടേയോ സംഗതിയിൽ—പിതാവും, പിതാവിനുശേഷം, മാതാവും; എന്നാൽ അഞ്ചുവയസ്സ് പൂർത്തിയാകാത്ത മൈനറുടെ കസ്റ്റഡി സാധാരണമായി മാതാവിന്നായിരിക്കണം;

(ഖ) നിയമവിരുദ്ധ വേഴ്ചയിലുണ്ടായ ആൺകുട്ടിയുടേയോ നിയമവിരുദ്ധവേഴ്ചയിലുണ്ടായവളും അവിവാഹിതയും ആയ പെൺകുട്ടിയുടേയോ സംഗതിയിൽ—മാതാവും, മാതാവിനുശേഷം പിതാവും;

(ഗ) വിവാഹിതയായ ഒരു പെൺകുട്ടിയുടെ സംഗതിയിൽ—ഭർത്താവ്:

എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകളിൻ കീഴിൽ യാതൊരാൾക്കും.—

(ക) അയാൾ ഒരു ഹിന്ദു അല്ലാതായി തീരുകയോ, അല്ലെങ്കിൽ

(ഖ) അയാൾ വാനപ്രസ്ഥനോ അല്ലെങ്കിൽ യതിയോ സന്യാസിയോ ആയതുവഴി പൂർണ്ണമായും അവസാനമായും ലൗകികജീവിതം പരിത്യജിക്കുകയോ,

ചെയ്യുകയാണെങ്കിൽ, ഒരു മൈനറുടെ നൈസർഗ്ഗിക രക്ഷാകർത്താവായി പ്രവർത്തിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

വിശദീകരണം.— ഈ വകുപ്പിൽ 'പിതാവ്' എന്നും 'മാതാവ്' എന്നുംഉള്ള പദങ്ങളിൽ രണ്ടാനച്ഛനും രണ്ടാനമ്മയും ഉൾപ്പെടുന്നതല്ല.

7. ദത്തുപുത്രന്റെ നൈസർഗ്ഗിക രക്ഷാകർത്തൃത്വം.— മൈനറായ ഒരു ദത്തുപുത്രന്റെ നൈസർഗ്ഗിക രക്ഷാകർത്തൃത്വം ദത്തെടുക്കുന്നതിൻമേൽ ദത്തുവഴിയുള്ള പിതാവിലേയ്ക്കും അയാൾക്കുശേഷം ദത്തുവഴിയുള്ള മാതാവിലേയ്ക്കും സംക്രമിക്കുന്നു.

8. നൈസർഗ്ഗിക രക്ഷാകർത്താവിന്റെ അധികാരങ്ങൾ.—(1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഹിന്ദു മൈനറുടെ നൈസർഗ്ഗിക രക്ഷാകർത്താവിന്, മൈനറുടെ ഗുണത്തിനുവേണ്ടിയോ, അല്ലെങ്കിൽ മൈനറുടെ എസ്റ്റേററ് കൈവശപ്പെടുത്തുന്നതിനോ രക്ഷിക്കുന്നതിനോ

അതിന്റെ ഗുണത്തിനോ വേണ്ടിയോ ഉള്ള ആവശ്യമായതോ, ന്യായവും ഉചിതവുമായതോ ആയ എല്ലാ കൃത്യങ്ങളും ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്: എന്നാൽ ആ രക്ഷാകർത്താവിന് ഒരു സംഗതിയിലും കൈയാൽ ഉത്തരവാദിത്വമുള്ള കരാർവഴി മൈനറെ ബാദ്ധ്യസ്ഥനാക്കാവുന്നതല്ല.

(2) ഒരു നൈസർഗ്ഗിക രക്ഷാകർത്താവ് കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ.—

(ക) മൈനറുടെ സ്ഥാവരവസ്തുവിന്റെ ഏതെങ്കിലും ഭാഗം പണയപ്പെടുത്തുകയോ, ചാർജ്ജാക്കുകയോ അല്ലെങ്കിൽ വിൽപനയായോ, ദാനമായോ, വിനിമയമായോ മററുവിധത്തിലോ കൈമാററം ചെയ്യുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള വസ്തുവിന്റെ ഏതെങ്കിലും ഭാഗം അഞ്ചുവർഷത്തിൽ കവിഞ്ഞ കാലാവധിയോ അല്ലെങ്കിൽ ആ മൈനർ മേജറാകുന്ന തീയതിക്കപ്പുറം ഒരു വർഷത്തിൽ കവിഞ്ഞ കാലാവധിയോ പാട്ടത്തിന് അല്ലെങ്കിൽ വാടകയ്ക്ക് കൊടുക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ ഉല്ലംഘിച്ചുകൊണ്ട് നൈസർഗ്ഗിക രക്ഷാകർത്താവ് ചെയ്യുന്ന ഏതെങ്കിലും സ്ഥാവരവസ്തു വ്യയനം, ആ മൈനറുടേയോ മൈനറുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളുടേയോ—അർത്ഥനയിൻമേൽ ശൂന്യമാക്കപ്പെടാവുന്നതാണ്.

(4) ആവശ്യമുള്ള സംഗതിയിലോ മൈനറുടെ സ്പഷ്ടമായ ഗുണത്തിനോ അല്ലാതെ യാതൊരു കോടതിയും (2)-ാം ഉപവകുപ്പിൽ പറഞ്ഞ ഏതെങ്കിലും കൃത്യങ്ങൾ ചെയ്യുന്നതിന്, നൈസർഗ്ഗിക രക്ഷാകർത്താവിന് അനുവാദം നൽകാൻ പാടുള്ളതല്ല.

(5) (2)-ാം ഉപവകുപ്പിൻ കീഴിൽ കോടതിയുടെ അനുവാദം ലഭിക്കുന്നതിനുള്ള അപേക്ഷയ്ക്കും, ആ അപേക്ഷയെ സംബന്ധിച്ചും, അത് രക്ഷാകർത്താക്കളും വാർഡുകളും ആക്ററ്, 1890 (1890-ലെ 8) 29-ാം വകുപ്പിൻ കീഴിൽ കോടതിയുടെ അനുവാദം ലഭിക്കുന്നതിനുള്ള ഒരു അപേക്ഷയായിരുന്നാലെന്നപോലെ, എല്ലാ വിധത്തിലും ആ ആക്ററ് ബാധകമാകുന്നതും, പ്രത്യേകിച്ചും—

(ക) ആ അപേക്ഷ സംബന്ധിച്ചുള്ള നടപടികൾ ആ ആക്ററിലെ 4 ക വകുപ്പിന്റെ അർത്ഥത്തിൽ ആ ആക്ററിൻ കീഴിലുള്ള നടപടികളായി കരുതപ്പെടുന്നതും;

(ഖ) കോടതി, ആ ആക്ററിലെ 31-ാം വകുപ്പ് (2), (3), (4), എന്നീ ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ച നടപടിക്രമം അനുസരിക്കേണ്ടതും കോടതിക്ക് അവയിൽ വിനിർദ്ദേശിച്ച അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും;

(ഗ) ഈ വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പറഞ്ഞ ഏതെങ്കിലും കൃത്യങ്ങൾ ചെയ്യാൻ നൈസർഗ്ഗിക രക്ഷാകർത്താവിന് അനുവാദം നിഷേധിച്ചുകൊണ്ടുള്ള കോടതിയുടെ ഒരു ഉത്തരവിൻമേൽ, ആ കോടതിയുടെ തീരുമാനത്തിൽനിന്ന് സാധാരണമായി അപ്പീലുള്ള കോടതിയിലേക്ക് ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതും,

ആകുന്നു.

(6) ഈ വകുപ്പിൽ, "കോടതി" എന്നാൽ അപേക്ഷ കൊടുക്കുന്നത് ഏത് സ്ഥാവരവസ്തു സംബന്ധിച്ചാണോ അത് ഏത് സിററിസിവിൽ കോടതിയുടേയോ ജില്ലാ കോടതിയുടേയോ അല്ലെങ്കിൽ രക്ഷാകർത്താക്കളും വാർഡുകളും ആക്ററ്, 1890 (1890-ലെ 8)4ക എന്ന വകുപ്പിൻ കീഴിൽ അധികാരപ്പെടുത്തിയ കോടതിയുടേയോ അധികാരിതയുടെ തദ്ദേശപരിധിക്കുള്ളിലാണോ, സ്ഥിതിചെയ്യുന്നത്, ആ കോടതി എന്ന് അർത്ഥമാകുന്നതും,

10. വസ്തുവിന്റെ രക്ഷാകർത്താവായിരിക്കുവാൻ മൈനറുടെ അസമർത്ഥത.—ഏതെങ്കിലും മൈനറുടെ വസ്തുവിന്റെ രക്ഷാകർത്താവായി പ്രവർത്തിക്കുവാൻ ഒരു മൈനർ ക്ഷമതയില്ലാത്തവനായിരിക്കുന്നതാണ്.

11. വസ്തുത കൊണ്ടുള്ള രക്ഷാകർത്താവ് മൈനറുടെ വസ്തു കൈകാര്യം ചെയ്യാവുന്നതല്ലെന്ന്.— ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ഒരു ഹിന്ദു മൈനറുടെ വസ്തു, യാതൊരു ആൾക്കും, അവനോ അവളോ മൈനറുടെ വസ്തുതകൊണ്ടുള്ള രക്ഷാകർത്താവാണെന്ന കാരണം കൊണ്ടു മാത്രം, വ്യയനം ചെയ്യുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അവകാശം ഉണ്ടായിരിക്കുന്നതല്ല.

12. കൂട്ടുകുടുംബവസ്തുവിലുള്ള മൈനറുടെ അവിഭക്താവകാശത്തിന് രക്ഷാകർത്താവിനെ നിയമിക്കാവുന്നതല്ലെന്ന്.— ഒരു മൈനർക്ക് കൂട്ടുകുടുംബവസ്തുവിൽ അവിഭക്താവകാശമുണ്ടായിരിക്കുകയും വസ്തു ആ കുടുംബത്തിലെ പ്രായപൂർത്തിയായ ഒരംഗത്തിന്റെ ഭരണത്തിൽ ആയിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങിനെയുള്ള അവിഭക്താവകാശം സംബന്ധിച്ച് ആ മൈനർക്ക് യാതൊരു രക്ഷാകർത്താവും നിയമിക്കപ്പെടുവാൻ പാടുള്ളതല്ല:

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും, അങ്ങനെയുള്ള അവകാശം സംബന്ധിച്ച് ഒരു രക്ഷാകർത്താവിനെ നിയമിക്കുവാനുള്ള ഒരു ഹൈക്കോടതിയുടെ അധികാരിതയെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

13. മൈനറുടെ ക്ഷേമമായിരിക്കണം പരമമായ പരിഗണന.—(1) കോടതി ഏതെങ്കിലും ആളെ ഒരു ഹിന്ദു മൈനറുടെ രക്ഷാകർത്താവായി നിയമിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യുന്നതിൽ, പരമമായ പരിഗണന മൈനറുടെ ക്ഷേമമായിരിക്കേണ്ടതാകുന്നു.

(2) ഈ ആക്റ്റിലേയോ, ഹിന്ദുക്കളുടെ ഇടയിലെ വിവാഹത്തിനുള്ള രക്ഷാകർത്തൃത്വം സംബന്ധിച്ച ഏതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകളുടെ ബലത്തിൽ ഒരാൾക്ക് രക്ഷാകർത്തൃത്വത്തിന്, അവന്റേയോ അവളുടേയോ രക്ഷാകർത്തൃത്വം മൈനറുടെ ക്ഷേമത്തിനായിരിക്കുകയില്ലെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അവകാശമുണ്ടായിരിക്കുന്നതല്ല.